DESPATCHED
ON 31/8/22.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2304(2)/2015 എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.16175/എസ്.ഐ.സി–ജി 6/2015)

സന്നിഹിതൻ

**എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി : 30.08.2022

ശ്രീ.കിരൺ ബാബു,
ബാപ്പയിൽ ഹൗസ്,
എരഞ്ഞിക്കൽ പി.ഒ,
ഏലത്തൂർ വഴി,
കോഴിക്കോട് – 673 303. — അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ,
   പി.ഒ. നെല്ലിക്കോട്,
   തൊണ്ടയാട്, കോഴിക്കോട് – 673 016
2. അപ്പീൽ അധികാരി &
   പോലീസ് സൂപ്രണ്ട്,
   വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ സ്പെഷ്യൽ സെൽ,
   കോഴിക്കോട്

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 02/06/2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 11/06/2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20/08/2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/08/2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09/10/2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15/10/2015 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ എരഞ്ഞിക്കൽ, ബാപ്പയിൽ ഹൗസിൽ ശ്രീ. കിരൺ ബാബു കോഴിക്കോട് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ എസ്.പി.ഐ.ഒ യ്ക്ക് സമർപ്പിച്ച അപേക്ഷയിൽ ടിയാൻ 13.04.2015 ൽ

എതിർകക്ഷി ഓഫീസിൽ ഒരു പരാതി അയച്ചുവെന്നും ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്. ആയതിന് എതിർകക്ഷികൾ വ്യക്തമായ മറുപടി നൽകിയില്ല എന്ന് കാണിച്ചാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 20.08.2022 ൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിച്ചു.

2. അപേക്ഷകൻ വിവരങ്ങൾ ആവശ്യപ്പെട്ട സമയത്ത് പ്രസ്തുത വിഷയം സംബന്ധിച്ച കേസിന്റെ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ വിവരാവകാശ നിയമം 2005 സെക്ഷൻ 8(1)(ജി)(എച്ച്) എന്നിവ പ്രകാരം വിവരം നൽകാൻ കഴിയില്ല എന്ന് അന്ന് അപേക്ഷകനെ അറിയിച്ചിരുന്നുവെങ്കിലും ഇപ്പോൾ ടി രേഖകൾ കൊടുക്കാവുന്നതാണെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് സ്പെഷ്യൽ സെൽ എസ്.പി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ആയതിനാൽ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ ഈ ഉത്തരവ് ലഭിച്ച് ഏഴ് ദിവസത്തിനകം ടിയാന് ലഭ്യമാക്കണമെന്നും ആയതിന്റെ പകർപ്പ് കമ്മീഷനിൽ ഹാജരാക്കണമെന്നും അപ്പീൽ അധികാരിക്ക് നിർദ്ദേശം നല്കി കമ്മീഷൻ ഉത്തരവാകുന്നു.

2. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 30-ാം തീയതി) ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm